പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2810 — 07.12.2018 ൽ മറുപടിയ്ക്ക്

## കുറുമ്പൻ മൂഴി, മണക്കയം കോളനികളിലേക്ക് റോഡ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | അഡ്വ .കെ.രാജു (ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| എ) | പട്ടിക വർഗ്ഗ സങ്കേതങ്ങളായ കുറുമ്പൻ മൂഴി മണക്കയം കോളനികളിലേക്ക് റോഡ് നിർമ്മിക്കുന്നതിന് വനാവകാശ നിയമ പ്രകാരം ഭൂമി വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഭൂമിയാണ് റോഡിനായി വിട്ടുനൽകിയിരിക്കുന്നത്; | (എ) | ഉണ്ട്. കുറുമ്പൻ മൂഴി - ആർപ്പാംപാറ-ചണ്ണ റോഡിന്റെ നവീകരണത്തിനായി 0.999 ഹെക്ടറും, കുറുമ്പൻ മൂഴി-മണക്കയം റോഡിന്റെ നവീകരണത്തിനായി 0.5805 ഹെക്ടറും വനാവകാശ നിയമപ്രകാരം വിട്ട നൽകിയിട്ടുണ്ട്. |
| (ബി) | ഇതു വഴി റോഡ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് വനംവകുപ്പിന് ലഭിച്ചിട്ടുണ്ടോ; എത്ര രൂപയുടെ എസ്റ്റിമേറ്റാണ് ലഭിച്ചിരിക്കുന്നത്; റോഡ് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് അറിയിക്കാമോ? | (ബി) | ഇതു വഴി റോഡ് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് വനം വകുപ്പിന് ലഭിച്ചിട്ടില്ല. മറ്റ് വിശദാംശങ്ങൾ വനം വകുപ്പിൽ ലഭ്യമല്ലാത്തതിനാൽ ആയത് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ശേഖരിച്ച നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ